# പതിമൂന്നാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1643 16.03.15-ൽ മറുപടിക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വൈദ്യുതീകരണ ജോലികൾ

| ചോദ്യം<br>ശ്രീ. എസ്. രാജേന്ദ്രൻ | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതീകരണ ജോലികൾക്ക് പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;<br><br>(ബി) എങ്കിൽ ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊള്ളാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ്;<br><br>(സി) ജോലികൾ പുറംകരാറിന് നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? | (എ) യും (ബി) യും (സി) യും<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതീകരണ ജോലികൾക്ക് പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഇലക്ട്രിഫിക്കേഷൻ ജോലികൾ ഏറ്റെടുത്ത് നടത്താൻ ജോലിഭാരം നിമിത്തം പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗിന് സാധിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് പകരം സംവിധാനം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പത്തുലക്ഷം രൂപ വരെ അടങ്കൽ വരുന്ന ഇലക്ട്രിഫിക്കേഷൻ ജോലികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കാനും മേൽനോട്ടം വഹിക്കാനും മെഷർമെന്റ് രേഖപ്പെടുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളുടെയും സർവ്വീസിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, സബ് എഞ്ചിനീയർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആയിരിക്കും. ജില്ലാതലത്തിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി, കെ.എസ്.ഇ.ബി.യിൽ നിന്നും പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ |

തുടങ്ങിയവരിൽ നിന്ന് അഞ്ചംഗ സമിതി രൂപീകരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ഇലക്ട്രിക്കൽ ജോലികളുടെ സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവ മേൽപ്പറഞ്ഞ സമിതിയുടെ അധികാര പരിധിയിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ